മാതൃഭൂമി

05 March 2017

# ഇന്ത്യൻ കടലിൽ വിദേശ മീൻപിടിത്ത കപ്പലുകളെ അനുവദിക്കില്ല

തോപ്പുംപടി: ഇന്ത്യൻ സമുദ്രാതിർത്തിയിൽ മീൻപിടിക്കാൻ വിദേശ മീൻപിടിത്ത കപ്പലുകളെ ഇനി കേന്ദ്ര സർക്കാർ അനുവദിക്കില്ല. വിദേശ നിർമിത കപ്പലുകൾക്ക് ഇന്ത്യൻ കടലിൽ പ്രവർത്തിക്കുവാൻ അനുമതി നൽകുന്ന മാർഗനിർദേശങ്ങൾ റദ്ദാക്കിക്കൊണ്ട് കേന്ദ്രകൃഷി മന്ത്രാലയം ഉത്തരവിറക്കി. ഇന്ത്യയുടെ അതിർത്തിയിൽ വരുന്ന 200 നോട്ടിക്കൽ മൈൽ അകലത്തിൽ ഇനി വിദേശ നിർമിത മീൻപിടിത്ത കപ്പലുകൾക്ക് വിലക്കുണ്ടാകും.

വിദേശ നിർമിത കപ്പലുകൾക്ക് രാജ്യത്തിന്റെ അതിർത്തി കടലിൽ മീൻ പിടിക്കുന്നതിന് അനുമതി നൽകുന്ന എൽ.ഒ.പി. (ലെറ്റർ ഓഫ് പെർമിറ്റ്) സമ്പ്രദായം ഇതോടെ ഇല്ലാതാകുകയാണ്. വിദേശത്തുനിന്ന് കൊണ്ടുവരുന്ന കപ്പലുകൾ ഇന്ത്യൻ കമ്പനികളുടെ പേരിലാണ് ഇവിടെ പ്രവർത്തിച്ചുവന്നത്. കപ്പൽ മാത്രമല്ല, അതിലെ തൊഴിലാളികളും വിദേശികളായിരുന്നു. പിടിക്കുന്ന മത്സ്യം കടലിൽ വച്ച്തന്നെ മറ്റ് കപ്പലുകൾക്ക് കൈമാറുന്ന രീതിയുമുണ്ടായിരുന്നു.

മീനാകുമാരി കമ്മിഷൻ റിപ്പോർട്ടിനെ തുടർന്ന്, 2014 നവംബർ 12 നാണ് കൃഷി മന്ത്രാലയം എൽ. ഒ. പി. സംബന്ധിച്ച് മാർഗ നിർദേശങ്ങൾ പുറത്തിറക്കിയത്. വിദേശക്കപ്പലുകൾക്ക് അനുമതി നൽകുന്ന ഈ മാർഗ നിർദേശങ്ങളാണ് പുതിയ ഉത്തരവിലൂടെ സർക്കാർ റദ്ദാക്കുന്നത്.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പ്രക്ഷോഭത്തെ തുടർന്ന് മീനാകുമാരി കമ്മിഷൻ റിപ്പോർട്ട് മരവിപ്പിച്ച കേന്ദ്ര സർക്കാർ, പുതിയ മത്സ്യനയം രൂപവത്കരിക്കുന്നതിനായി അയ്യപ്പൻ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. പഠനങ്ങൾക്ക് ശേഷം, അയ്യപ്പൻ കമ്മിറ്റി വിദേശകപ്പലുകളെ ഒഴിവാക്കണമെന്നാണ് നിർദേശിച്ചത്. ഈ റിപ്പോർട്ടിന്റെ ചുവടുപിടിച്ചാണ് സുപ്രധാനമായ പുതിയ തീരുമാനമെടുത്തത്.

കടലുകൾ വിദേശ കുത്തകകൾക്ക് തീറെഴുന്നതിനെതിരെ രാജ്യത്ത് മത്സ്യത്തൊഴിലാളി സമൂഹം കുറെക്കാലമായി പ്രക്ഷോഭങ്ങൾ നടത്തി വരികയായിരുന്നു. രാജ്യത്തെ പരമ്പരാഗത തൊഴിലാളി സമൂഹം വർഷങ്ങളായി നടത്തി വരുന്ന ദേശാഭിമാന പോരാട്ടത്തിന്റെ വിജയമാണിതെന്ന് മത്സ്യത്തൊഴിലാളി ഐക്യ വേദി സംസ്ഥാന പ്രസിഡന്റ് പ്രസിഡന്റ് ചാൾസ് ജോർജ് അഭിപ്രായപ്പെട്ടു.

പുതിയ ഉത്തരവോടെ നിലവിലുള്ള പെരുമാറ്റച്ചട്ടങ്ങളും മാർഗനിർദേശങ്ങളും ഇല്ലാതാകും. എന്നാൽ, പകരം മാർഗനിർദേശങ്ങളുണ്ടാകാതെ വിദേശ കപ്പലുകളെ നിയന്ത്രിക്കാനാവില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

നിലവിൽ നാൽപ്പതോളം വിദേശ നിർമിത കപ്പലുകൾക്ക് ഇന്ത്യൻ കടലിൽ മീൻ പിടിക്കുന്നതിന് അനുമതിയുണ്ട്. അവയുടെ കാര്യത്തിൽ പുതിയ തീരുമാനമുണ്ടായിട്ടില്ല.